ടൂറിസം വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തിവരികയാണ്. പ്രധാന ആഫീസുകളും, ഇൻഫർമേഷൻ കൗണ്ടറുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ പ്രവർത്തനത്തിന് ഉപദേശം നൽകുന്നതിനായി സ്വകാര്യ മേഖല യിൽ പ്രവർത്തിക്കുന്നവരെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി ഒരു ടൂറിസം ടാസ്ക് ഫോഴ്സിനും രൂപം നൽകിയിട്ടുണ്ട്.

ടൂറിസം രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ സൗകര്യ ങ്ങൾക്കും സേവനങ്ങൾക്കും ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ടൂറിസം ട്രേഡ് ആക്ട് നടപ്പിലാക്കുന്നതാണ്.

(ഡി)&(ഇ) മേൽപ്പറഞ്ഞ പരിപാടികളെല്ലാം തന്നെ ടൂറിസം വികസനം സംബന്ധിച്ച പാക്കേജിന്റെ ഭാഗമാണ്.

118 (1721) വിനോദസഞ്ചാരികൾക്കുവേണ്ടി പ്രത്യേക പരിപാടികൾ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വി നോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുവാൻ വിദേശീയരും തദ്ദേശീയരുമായ വിനോദസഞ്ചാരികൾക്കായി ടൂറിസം വകുപ്പ് എന്തെല്ലാം പരിപാടികളാണ് സംസ്ഥാനത്ത് ഒരുക്കിയിരിക്കുന്നത്;

(ബി) ഈ സീസണിൽ എത്ര വിദേശ ടൂറിസ്റ്റുകളാണ് സംസ്ഥാനം സന്ദർശിക്കുന്നതായി കണക്കാക്കിയിട്ടുള്ളത്;

(സി) ഈ അവസരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ഹോട്ടൽ ബുക്കിംഗ് എത്ര ശതമാനമാണ്?

ഉത്തരം

(എ) പുതിയ സഹസ്രാബ്ദത്തെ വരവേൽക്കുവാൻ വിദേശീയരും, തദ്ദേശീയരുമായ വിനോദസഞ്ചാരികൾക്കുവേണ്ടി കെ.റ്റി.ഡി.സി. യുടെ കോവ ളം, മൂന്നാർ, തേക്കടി എന്നീ സ്ഥലങ്ങളിലുള്ള ഹോട്ടലുകളിൽ വിവിധതരം കലാപരിപാടികളും, ബാൻഡ്മ്യൂസിക്കും, വിഭവസമൃദ്ധമായ സദ്യയും ഒരുക്കി യിട്ടുണ്ട്.

(ബി) ഈ വർഷം ഏകദേശം രണ്ടു ലക്ഷത്തോളം വിദേശ ടൂറി സ്റ്റുകൾ സംസ്ഥാനം സന്ദർശിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഈ അവസരത്തിൽ കെ.ടി.ഡി.സി. യുടെ വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള പ്രധാനപ്പെട്ട ഹോട്ടലുകളിൽ എല്ലാ മുറികളും നേരത്തേ തന്നെ ബുക്ക് ചെയ്തിട്ടുണ്ട്.

119 (1722) ജില്ലാ ടൂറിസം വികസന സമിതികളുടെ പ്രവർത്തനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം വികസനസമിതികളുടെ പ്രവർത്തനം വിജയകര മായി നടത്തുന്നതിന് ഗവണ്മെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly